'ഭരണഭാഷ - മാതൃഭാഷ'
ഇമെയിൽ :eephaluvakwa@gmail.com

ഫോൺ: 0484-2626948

# പി.എച്ച്.ഡിവിഷൻ, ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

## നടപടിക്രമം

(ഹാജർ : Er. പ്രിയദർശിനി ബി.)

*വിഷയം:* JJM 2020-21 – Vazhakulam Panchayath in Ernakulam District – Phase II – Part VI – Extension of pipe line in Ward No. 19 & 20 and providing functional household tap connections(FHTCs) – Balance works - പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് –

കേരള ജല അതോറിറ്റി

നമ്പർ: A1-P-11614/2022 ആലുവ, തീയതി : 20/03/2024.

*പരാമർശം:*
1) ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 11/2022-23 തീയതി 30/04/2022.
2) കരാറുകാരൻ ശ്രീ.മീതിയാൻ ടി.എ. യുടെ കത്ത്.
3) 27/2/2024 തീയതിയായുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ., പെരുമ്പാവൂരിന്റെ D2-11614/2022 നമ്പർ കത്ത്.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം എഗ്രിമെന്റ് വെച്ച് ശ്രീ.ടി.എ.മീതിയാൻ, തണ്ടക്കാല ഹൗസ്, പട്ടിമറ്റം എന്ന കരാറുകാരൻ Tendered PACയേക്കാൾ 29.1 ശതമാനം കുറവിൽ ഏറ്റെടുത്തിരിക്കുന്ന മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 18/7/2023 ആയിരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 ഘട്ടങ്ങളിലായി 31/12/2023 വരെ പിഴ ഈടാക്കാതെ നീട്ടി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയിൽ പ്രധാനമായും 63mm പി.വി.സി, 90mm പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് 535 ഗാർഹിക കണക്ഷൻ നൽകുന്നതിന് വേണ്ടിയായിരുന്നു വിഭാവനം ചെയ്തിരുന്നത്.

പ്രവൃത്തി പുരോഗമിച്ചപ്പോൾ FHTC നൽകുന്നതിന് കൂടുതൽ വിതരണശൃംഗല ദീർഘിപ്പിക്കേണ്ടത് ആവശ്യമായി വന്നു. Tendered PACൽ അധികരിക്കാതെ പൈപ്പ് ലൈൻ സ്ഥാപിച്ച് FHTC നൽകുവാൻ ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകുകയും അതിൻപ്രകാരം കരാറുകാരൻ പി.വി.സി. പൈപ്പുകൾ 1070m പൈപ്പ് ലൈൻകൂടി അധികമായി സ്ഥാപിച്ച് 284 FHTC നൽകുകയും ചെയ്തു. പരാമർശം (2) പ്രകാരം കൂടുതൽ കണക്ഷൻ എടുക്കുവാൻ വീട്ടുകാർ തയ്യാറാകാത്തതിനാൽ ഫൈനൽ ബിൽ നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. കൂടാതെ കരാർ കാലവധി ദീർഘിപ്പിക്കുവാൻ തയ്യാറുമല്ല. ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്ക് മുൻപ് പൂർത്തീകരിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു. കണക്ഷൻ വേണ്ട ആളുകളുടെ ലിസ്റ്റ് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 25/10/2023, 30/11/2023, 11/1/2024 തീയതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും 16/1/2024 തീയതിയിൽ ഈ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാഴക്കുളം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നതിനാൽ ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്ക് മുൻപ് പൂർത്തീകരിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, കരാറുകാരൻ പരാമർശം (2) പ്രകാരം നൽകിയ അപേക്ഷയുടെയും, പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശ കത്തും പരിഗണിച്ച് ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടും കൂടുതൽ FHTC വാർഡ് 19 & 20 ൽ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് സബ് ഡിവിഷൻ, പെരുമ്പാവൂർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

**എക്സിക്യൂട്ടീവ് എഞ്ചിനീയർ.**

***സ്വീകർത്താവ്***

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ.,
പെരുമ്പാവൂർ.

***ഉത്തരവിന്റെ പകർപ്പ്*** :

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, കേരള വാട്ടർ അതോറിറ്റി, കൊച്ചി 11 ന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
2) ശ്രീ.ടി.എ.മീതിയാൻ, തണ്ടക്കാല ഹൗസ്, പട്ടിമറ്റം
3) അസിസ്റ്റന്റ് എഞ്ചിനീയർ, പി.എച്ച്. സെക്ഷൻ,കെ.ഡബ്ല്യൂ.എ., പെരുമ്പാവൂർ.